മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

കണ്ടനാട് വെസ്റ്റ് ഭദ്രാസനം

2026 ഫെബ്രു. 15 | ശതോത്തര കനകജൂബിലി സപ്ലിമെന്റ്

കണ്ടനാട് ഭദ്രാസന ശതോത്തര കനക ജൂബിലി 1876-2026

കണ്ടനാട് ഭദ്രാസന ശതോത്തര കനകജൂബിലി

150-ാം വാർഷികം
ഭദ്രാസനദിനാഘോഷം
കുടുംബസംഗമം

2026 ഫെബ്രുവരി 15
ഞായറാഴ്ച, 2:00 pm - 5:00 pm

വിജ്ഞാപ്തി പ്രഭാഷണം:

ഡോ. വർഗീസ് പി. പുന്നൂസ്

(പ്രിൻസിപ്പാൾ,
കോട്ടയം ഗവ. മെഡിക്കൽ കോളേജ്)

www.mosc.in
catholicos@mosc.in

Ph: 0481-2574323
2578500

The Malankara Orthodox Syrian Church
CATHOLICATE OF THE EAST

BASELIOS MARTHOMA MATHEWS III

CATHOLICOS OF
THE APOSTOLIC THRONE OF
ST. THOMAS
AND MALANKARA METROPOLITAN

CATHOLICATE PALACE
KOTTAYAM - 686 004
KERALA, INDIA

ഫെബ്രുവരി 05, 2026

അനുഗ്രഹാശംസ

കണ്ടനാട് ഭദ്രാസനത്തിന്റെ ചരിത്രത്തിൽ സുവർണ്ണലിപികളാൽ രേഖപ്പെടുത്തേണ്ട ഒരു സുദിനത്തിലാണ് നാം എത്തി നിൽക്കുന്നത്. വിശ്വാസത്തിന്റെ 150 വർഷങ്ങളും, ഭദ്രാസനമായി രൂപീകൃതമായതിന്റെ 150 വർഷങ്ങളും പിന്നിടുന്ന ഈ വേള, ദൈവകൃപയുടെയും കഠിനാധ്വാനത്തിന്റെയും നേർസാക്ഷ്യമാണ്. നമ്മുടെ മുൻഗാമികൾ കണ്ണുനീരോടും, ത്യാഗ നൊമ്പരങ്ങളായ അനുഭവങ്ങളോടും, പ്രാർത്ഥനയോടും കൂടെ നട്ടുനനച്ച ഈ ഭദ്രാസനം ഇന്ന് വിശ്വാസികൾക്ക് വലിയൊരു തണലായി, ഒരു വടവൃക്ഷമായി മാറിയിരിക്കുന്നു. പരിശുദ്ധ പിതാക്കന്മാരുടെ പാദസ്പർശമേറ്റ ഈ മണ്ണിൽ നിന്ന് ഉയരുന്ന പ്രാർത്ഥനകൾ ലോകമെങ്ങും സമാധാനവും സ്നേഹവും പകരട്ടെ.

ഈ ജൂബിലി ആഘോഷം കേവലം ചടങ്ങുകൾ മാത്രമാകരുത്, മറിച്ച് ആത്മീയമായ ഒരു ഉണർവ്വിനും സാമൂഹിക പ്രതിബദ്ധതയ്ക്കും ഉള്ള വേദിയാകട്ടെ എന്ന് ആശംസിക്കുന്നു. കണ്ടനാട് ഭദ്രാസനത്തിന്റെ ഈ വലിയ മുന്നേറ്റത്തിൽ നമുക്കെല്ലാവർക്കും പ്രാർത്ഥനാപൂർവ്വം പങ്കാളികളാകാം. ആഘോഷങ്ങളുടെ ഭാഗമായി പുറത്തിറക്കുന്ന പ്രസിദ്ധീകരണങ്ങൾക്ക് ആശംസകൾ നേരുന്നു.

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

പരി. ബസേലിയോസ് പൗലോസ് പ്രഥമൻ നഗറിൽ

(സെന്റ് പീറ്റേഴ്സ് ഹയർ സെക്കന്ററി സ്കൂൾ അങ്കണം)

കോലഞ്ചേരി

ഉദ്ഘാടനം

പരി. ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ

സ്വാഗതം: അഭി. സഖറിയാ മാർ സേവേറിയോസ് തിരുമേനി
(കണ്ടനാട് വെസ്റ്റ് ഭദ്രാസന സഹായ മെത്രാപ്പോലീത്ത)

അധ്യക്ഷൻ: അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനി
(പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി)

ആശംസകൾ:

റവ.ഫാ.ഡോ. തോമസ് വർഗീസ് അമയിൽ
(വൈദിക ട്രസ്റ്റി)

ശ്രീ. റോണി വർഗീസ്
(അത്മായ ട്രസ്റ്റി)

അഡ്വ. ബിജു ഉമ്മൻ
(അസോസ്സിയേഷൻ സെക്രട്ടറി)

സഭാ-രാഷ്ട്രീയ-സാമൂഹിക-സേവന രംഗത്തെ പ്രമുഖർ പങ്കെടുക്കുന്നു

കഴിഞ്ഞകാലത്തിന്റെ സ്മരണയും പുതിയകാലത്തിന്റെ പ്രതീക്ഷയും

സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്താ

കാലത്തിന്റെ നീണ്ട വഴികളിലൂടെ ദൈവം തന്റെ ജനത്തെ കൈപിടിച്ചു നടത്തിയതിന്റെ മഹത്തായ സാക്ഷ്യമായി നാം ഇന്ന് ശതോത്തര കനക ജൂബിലിയുടെ അനുഗ്രഹനിമിഷങ്ങളിൽ എത്തിച്ചേർന്നിരിക്കുന്നു. ഇത് വെറും ഒരു ആഘോഷ വർഷമല്ല; ദൈവവിശ്വസ്തതയുടെ ജീവനുള്ള ചരിത്രമാണ്. 'എന്റെ കാലങ്ങൾ നിന്റെ കൈകളിലാണ്' എന്ന ദാവീദിന്റെ വിശ്വാസ പ്രഖ്യാപനംപോലെ, നൂറ്റാണ്ടും അതിനപ്പുറമുള്ള അമ്പതു വർഷങ്ങളും ദൈവകൃപയുടെ കൈകളിൽ സുരക്ഷിതമായി നിലകൊണ്ട ഒരു യാത്രയായി നമുക്ക് മുമ്പിൽ തെളിഞ്ഞുനിൽക്കുന്നു.

കാലം പിന്നോട്ടു തിരിഞ്ഞുനോക്കുമ്പോൾ അവിടെ കണക്കുകളുടെ ചരിത്രമല്ല കാണപ്പെടുന്നത്, പകരം ദൈവം ചേർന്ന് നടന്ന കഴിഞ്ഞകാലത്തിന്റെ സ്മരണം നമ്മെ അഭിമാനിപ്പിക്കാനുള്ള ഓർമ്മയല്ല; ദൈവവിശ്വസ്തതയെ തിരിച്ചറിയാനുള്ള വിശുദ്ധ അവസരമാണ്. ഓരോ തുടക്കത്തിനും പിന്നിൽ പ്രാർത്ഥനയുടെ കണ്ണീരും ത്യാഗത്തിന്റെ നിശ്ശബ്ദതയും ഉണ്ടായിരുന്നു. പാതയില്ലാത്തിടങ്ങളിൽ പാതകൾ തുറന്നത് മനുഷ്യ ബുദ്ധിയല്ല, ദൈവകൃപ തന്നെയായിരുന്നു. അതു കൊണ്ടുതന്നെ കഴിഞ്ഞകാലം നന്ദിയുടെ ഭാഷയിലാണ് നമ്മോട് സംസാരിക്കുന്നത്. ''കർത്താവിന്റെ ദയകൾ അവസാനിക്കുന്നില്ല; അവന്റെ കരുണകൾ പുതുതാകുന്നു.'' ഈ വചനം ചരിത്രത്തിന്റെ ഓരോ അധ്യായത്തിലും പുതിയ അർത്ഥം കൈവരിച്ചു. പരാജയങ്ങളായി തോന്നിയ നിമിഷങ്ങൾ പോലും പിന്നീട് ദൈവപദ്ധതിയുടെ ആഴമുള്ള അദ്ധ്യായങ്ങളായി മാറി. എന്നാൽ സ്മരണം മാത്രം മതിയാകില്ല. ഓർമ്മകൾ പ്രതീക്ഷയിലേക്കു നയിക്കുമ്പോഴാണ് അവയ്ക്ക് അർത്ഥം പൂർണമാകുന്നത്. പുതിയകാലത്തിന്റെ പ്രതീക്ഷ മനുഷ്യപദ്ധതികളിൽ ആധാരമിട്ടതല്ല, ദൈവവാഗ്ദത്തങ്ങളിൽ ഉറച്ചതാണ് ''ഇതാ, ഞാൻ എല്ലാം പുതുതാക്കുന്നു.'' ഈ വചനം നാളെയുടെ കവാടത്തിൽ വിശ്വാസത്തോടെ നിൽക്കാൻ നമ്മെ ക്ഷണിക്കുന്നു. പുതിയകാലം വെല്ലുവിളികളില്ലാത്തതാകുമെന്ന വാഗ്ദാനം അല്ല, എന്നാൽ ദൈവസാന്നിധ്യം ഒപ്പമുണ്ടെന്ന നിശ്ചയമാണ് പ്രതീക്ഷയുടെ അടിസ്ഥാനം.

കഴിഞ്ഞകാലത്തിന്റെ സ്മരണം നമ്മെ വിനയത്തിലേക്ക് നയിക്കട്ടെ; പുതിയകാലത്തിന്റെ പ്രതീക്ഷ നമ്മെ ദൗത്യബോധത്തിലേക്ക് ഉണർത്തട്ടെ. നാം കൈപ്പറ്റിയ വിശ്വാസപാരമ്പര്യം പങ്കുവെക്കേണ്ട ഒരു ദൗത്യമാണ്. ഇന്ന് നാം നിൽക്കുന്നിടം പൂർവതലമുറകളുടെ പ്രാർത്ഥനകളുടെ ഫലമാണ്. നാളെ വരാനിരിക്കുന്ന തലമുറകൾ ഇന്ന് നാം എടുക്കുന്ന വിശ്വാസനിർണയങ്ങളെ ചരിത്രമായി വായിക്കും. അതിനാൽ കഴിഞ്ഞകാലത്തിന്റെ സ്മരണ നമ്മെ നന്ദിയുള്ളവരാക്കട്ടെ; പുതിയകാലത്തിന്റെ പ്രതീക്ഷ നമ്മെ ധൈര്യവാന്മാരാക്കട്ടെ. കൃപയിൽ ഉറച്ചു നിൽക്കുന്നവർക്ക് ഭാവി ഭയത്തിന്റെ നിഴലല്ല, ദൈവവാഗ്ദത്തങ്ങളുടെ പ്രകാശമാണ്.

ക്രിസ്തുവിൽ ജൂബിലി ഒരു വർഷമല്ല, ഒരു ജീവിതമാണ്. അവൻ പ്രഖ്യാപിച്ച ''കർത്താവിന്റെ പ്രസാദവർഷം'' ഇന്നും സഭയിലൂടെ ലോകത്തോട് മുഴങ്ങിക്കൊണ്ടിരിക്കുന്നു. ഈ ശതോത്തര കനക ജൂബിലി ആ പ്രസാദവർഷത്തിന്റെ ജീവിതസാക്ഷ്യമായി മാറട്ടെ •

MALANKARA ORTHODOX SYRIAN CHURCH DIOCESE OF KANDANAD WEST

PLEASE PRAY AND CO-OPERATE WITH THE CHARITABLE PROJECTS

1. **PRATHEEKSHA BHAVAN പ്രതീക്ഷ ഭവൻ KOOTHATTUKULAM:**
   JOSEPH MAR PACHOMIOS MEMORIAL HOME FOR THE DIFFERENTLY ABLED WOMEN.
2. **PRASANTHI BHAVAN പ്രശാന്തി ഭവൻ KADAYIRUPPU:**
   BASELIOS PAULOSE I CATHOLICOS MEMORIAL HOSPICE.
3. **PRATHYASA BHAVAN പ്രത്യാശ ഭവൻ - SOUTH PIRAMADOM**
   BASELIOS AUGEN I CATHOLICOS MEMORIAL HOME FOR THE DIFFERENTLY ABLED MEN.
4. **PRATHIBHA BHAVAN പ്രതിഭ ഭവൻ KUNNACKAL AND NELLAD**
   ST. GREGORIOS JOB ORIENTATION CENTRE FOR THE UNEMPLOYED YOUTH. PRODUCT-PRATHIBHA CURRY POWDER.
5. **PRADANAM- പ്രദാനം ചികിത്സാ സഹായ പദ്ധതി – KOLENCHERY**
   PROVIDING WITH FREE MEDICAL ASSISTANCE TO THE HOSPITALISED POOR PATIENTS
6. **PRAMODAM- പ്രമോദം അന്നദാന പദ്ധതി MEEMPARA**
   DISTRIBUTING DAILY FREE LUNCH TO AROUND 1000 INPATIENTS IN SIXTEEN GOVT. HOSPITALS IN ERNAKULAM AND IDUKKI DISTRICTS.
7. **PRASANNAM CENTRE പ്രസന്നം മാനസീകാരോഗ്യ കേന്ദ്രം KARIKODE**
   REHABILITATION CENTRE FOR POOR MENTAL PATIENTS
8. **PRAPALANAM-പ്രപാലനം-KOLENCHERY**
   CARE WELL PENSION PROJECT FOR THE RETIRED, POOR AND UNORGANISED LABOURERS OVER 60 YEARS OF AGE.
9. **PRABHATHAM -പ്രഭാതം PIRAVOM**
   FREE COMPUTER TRAINING PROGRAMME FOR THE FINANCIALLY BACKWARD STUDENTS
10. **PRABODHANAM-പ്രബോധനം KOLENCHERY**
    PUBLIC REFERENCE LIBRARY INCLUDING BOTH SECULAR AND RELEGIOUS LITERATURE
11. **PRAPTHY - പ്രാപ്തി - KOLENCHERY**
    FINANCIAL ASSISTANCE TO HOUSE BUILDING, MARRIAGE AND HIGHER EDUCATION FOR THE POOR.
12. **PRAYOJANA MEDICALS പ്രയോജന മെഡിക്കൽസ് KOLENCHERY**
    FREE MEDICINES FOR THE POOR PATIENTS
13. **PRAVAHAM-പ്രവാഹം - KOLENCHERY**
    FINANCIAL HELP TO 2000 DIALYISIS YEARLY FOR POOR KIDNEY PATIENTS.
14. **PREETHI CLINIC & LAB പ്രീതി - KOLENCHERY**
    CONSULTATION, TREATMENT AND MEDICINE WILL BE FREE FOR POOR PATIENTS.
15. **PRASANTHAM -പ്രശാന്തം – PERUVA**
    PALLIATIVE CARE CENTRE FOR CANCER PATIENTS
16. **PRAKASAM EYE CLINIC പ്രകാശം KOLENCHERY**
    FREE CONSULTATION AND PRIMARY TREATMENT FOR POOR PATIENTS.

PRASADAM CENTRE
KOLENCHERY, 682 311, KERALA,
TEL: 0484-2760286,
E-mail: mpcsociety@gmail.com

കാര്യപരിപാടി

14.02.2026 ശനിയാഴ്ച

05.00 pm : സമ്മേളനനഗരിയിൽ പതാക ഉയർത്തൽ
പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ

സാന്നിദ്ധ്യം : **അഭി. സഖറിയാ മാർ സേവേറിയോസ് തിരുമേനി** (പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ ബാവായുടെ കബറിടത്തിൽ നിന്ന് - പാമ്പാക്കുട സെന്റ് തോമസ് ഓർത്തഡോക്സ് പള്ളി)
പതാക പ്രയാണം: ഭദ്രാസന യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ

02.00 pm : **ഘോഷയാത്ര**
സമ്മേളന നഗരിയിലേക്ക് തോന്നിയ്ക്ക ജംഗ്ഷനിൽ നിന്നും

03.00 pm : **പൊതുസമ്മേളനം**

സ്വാഗതം : **അഭി. സഖറിയാ മാർ സേവേറിയോസ് തിരുമേനി**
(കണ്ടനാട് വെസ്റ്റ് ഭദ്രാസന സഹായ മെത്രാപ്പോലീത്ത)

അദ്ധ്യക്ഷൻ : **അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് തിരുമേനി**
(പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി)

ഉദ്ഘാടനം : **പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ**

വിജ്ഞാപ്തി പ്രഭാഷണം : **ഡോ. വർഗീസ് പി പുന്നൂസ്**
(പ്രിൻസിപ്പാൾ, കോട്ടയം ഗവ. മെഡിക്കൽ കോളേജ്)

ആശംസകൾ
: **റവ. ഫാ. ഡോ. തോമസ് വർഗീസ് അമയിൽ** (വൈദിക ട്രസ്റ്റി)
: **ശ്രീ. റോണി വർഗീസ് അബ്രഹാം** (അത്മായ ട്രസ്റ്റി)
: **അഡ്വ. ബിജു ഉമ്മൻ** (അസോസ്സിയേഷൻ സെക്രട്ടറി)
: **മലങ്കര മൽപ്പാൻ വെരി. റവ. ഡോ. ജോൺസ് അബ്രഹാം കോനാട്ട് റീശ് കോർ എപ്പിസ്ക്കോപ്പ**
: **റവ. ഫാ. ജേക്കബ് കുര്യൻ** (സഭാ വർക്കിംഗ് കമ്മിറ്റി അംഗം)
: **ശ്രീമതി. പൂജ ജോമോൻ** (പുത്തൃക്ക പഞ്ചായത്ത് പ്രസിഡന്റ്)
: **ശ്രീ. സുജിത്ത് പോൾ** (എറണാകുളം ജില്ലാ പഞ്ചായത്ത് മെമ്പർ)
: **ശ്രീ. ബാബു വറുഗീസ്** (പുത്തൃക്ക പഞ്ചായത്ത് 5-ാം വാർഡ് മെമ്പർ)

2026 ലെ ഭദ്രാസനവികസന ഫണ്ട് സമർപ്പണം
പരിശുദ്ധ കാതോലിക്ക ബാവ തിരുമേനി

കൃതജ്ഞത : **ഫാ. ജോസ് തോമസ് പൂവത്തുങ്കൽ** (ഭദ്രാസന സെക്രട്ടറി)

കാതോലിക്ക മംഗളഗാനം
ആശീർവാദം, ലഘുഭക്ഷണം

15.02.2026 ഞായറാഴ്ച

07.00 am : **കോലഞ്ചേരി പള്ളിയിൽ വിശുദ്ധ കുർബ്ബാന**
അഭി. സഖറിയ മാർ സേവേറിയോസ് തിരുമേനി

08.15 am : **കടമറ്റം പള്ളിയിൽ വിശുദ്ധ കുർബ്ബാന**
പരി. കാതോലിക്ക ബാവ

02.00 pm : **ഗാനശുശ്രൂഷ**
ഹാർമണി ഓഫ് കണ്ടനാട് (കണ്ടനാട് വെസ്റ്റ് ഭദ്രാസന ഗായക സംഘം)

ആശംസകളോടെ...

150 വർഷം പിന്നിടുന്ന കണ്ടനാട് ഭദ്രാസനം

ഫാ. ജോസ് തോമസ് പൂവത്തുങ്കൽ
(ഭദ്രാസന സെക്രട്ടറി)

മലങ്കര സഭയിലെ ആദ്യകാല ഭദ്രാസനങ്ങളിലൊന്നായ കണ്ടനാട് ഭദ്രാസനം രൂപീകൃതമായിട്ട് 150 വർഷം പൂർത്തിയാവുകയാണ്. തിരു-കൊച്ചി സംസ്ഥാനങ്ങളിലായി സ്ഥിതിചെയ്തിരുന്ന മലങ്കര സഭ 1876 വരെ ഒരു മെത്രാപ്പോലീത്തായുടെ ഭരണത്തിൻ കീഴിലായിരുന്നു. എന്നാൽ, അക്കാലത്ത് മലങ്കരയിൽ വന്ന പത്രോസ് ത്രുതീയൻ പാത്രിയർക്കീസിന്റെ ഇടപെടലിലൂടെ മലങ്കര സഭയെ 7 ഭദ്രാസനങ്ങളായി വിഭജിച്ചു. അവയിലൊന്നായിരുന്ന കണ്ടനാട് ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തയായി, കോലഞ്ചേരി ദേശത്തുള്ള മുറിമറ്റത്തിൽ പൗലോസ് കത്തനാരെ 1877 ഇടവം 5-ാം തീയതി (മെയ് 17) കുന്നംകുളത്തുള്ള ചിറളയം സെന്റ് ലാസറസ് പള്ളിയിൽ വച്ച് പൗലോസ് മാർ ഈവാനിയോസ് എന്ന നാമധേയത്തിൽ അഭിഷേകം ചെയ്തു. കോട്ടൂർ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളിയും തുടർന്ന് കോലഞ്ചേരി സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഓർത്തഡോക്സ് പള്ളിയും ആസ്ഥാനമാക്കി ഭദ്രാസന ഭരണം നിർവ്വഹിച്ച മുറിമറ്റത്തിൽ തിരുമേനി മഹത്തായ 36 വർഷം ഈ ഭദ്രാസനത്തെ സത്യവിശ്വാസത്തിൽ വഴി നടത്തി. വിശ്വാസികളുടെ സൗകര്യത്തെ കരുതി പഴയ പള്ളികൾ പൊളിച്ചുപണിയുകയും പുതിയതായി 17 പള്ളികൾ സ്ഥാപിക്കുകയും, പട്ടക്കാരും ശെമ്മാശന്മാരുമായി 271 പേർക്ക് പട്ടം കൊടുക്കുകയും ചെയ്തു. കൂടാതെ, കണ്ടനാട് ഭദ്രാസനത്തിനൊരു ആസ്ഥാനം നിർമ്മിക്കുന്നതിനായി ഇന്നു മൂവാറ്റുപുഴയിലുള്ള അരമനകെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലം, 300 രൂപയ്ക്ക് കൊല്ല വർഷം 1063 -മാണ്ട് തുലാമാസം 25-ാം തീയതി തിരുമേനി രജിസ്റ്റർ ചെയ്തു തീറു വാങ്ങി. പിറവം സെമിനാരി ഇരിക്കുന്ന സ്ഥലവും ചാത്തമറ്റത്തുള്ള ചേരിക്കലും മുറിമറ്റത്തിൽ ബാവ വാങ്ങിയതാണ്. ചില പള്ളികളിൽ നിലനിന്നിരുന്ന പല അനാചാരങ്ങളേയും തിരുമേനി നിർത്തലാക്കുകയും ഇടവക പള്ളികളിലെ വരവുചിലവു കണക്കുകൾ ക്യത്യമായി രേഖപ്പെടുത്തി പൊതുയോഗത്തെ ബോദ്ധ്യപ്പെടുത്തുവാനും മെത്രാപ്പോലീത്തായുടെ മുദ്രയും ഒപ്പും രേഖപ്പെടുത്തുന്നതിനും ക്രമീകരണമുണ്ടാക്കി. കൂടാതെ, മെത്രാപ്പോലീത്തായുടെ അറിവോ സമ്മതമോ കൂടാതെ പള്ളികളിൽ പൊതുകാര്യങ്ങൾ ഒന്നും നടത്തരുതെന്നും നിഷ്കർഷിച്ചു. അങ്ങനെ, നല്ലൊരു ഭരണ സംവിധാനം കണ്ടനാട് ഭദ്രാസനത്തിൽ നടപ്പിലാക്കി. പള്ളികളോട് ചേർന്ന് സൺഡേസ്ക്കൂളുകൾ നടത്തുവാൻ നിഷ്കർഷിച്ചിരുന്ന തിരുമേനി സമീപ പ്രദേശങ്ങളിൽ പൊതുജനങ്ങൾക്കായി സ്ക്കൂളുകൾ ആരംഭിക്കുവാൻ പരിശ്രമിച്ചു.

പിറവം പള്ളിയിലെ ചില സംഭവവികാസങ്ങളോടനുബന്ധിച്ച് നീതിപൂർവ്വമായ തീരുമാനങ്ങൾ കൈക്കൊണ്ടപ്പോൾ, അത് ഇഷ്ടപ്പെടാതിരുന്ന ചില വൈദികരും അൽമായ പ്രമാണികളും ചേർന്ന് കരിങ്ങാച്ചിറയിൽ താമസിച്ചിരുന്ന അബ്ദുള്ള പാത്രിയർക്കീസിന് 8 പവൻ കാഴ്ചവെച്ച് മുറിമറ്റത്തിൽ ബാവായെ ഭദ്രാസന ഭരണചുമതലയിൽ നിന്ന് വിടർത്തിയതായി കൽപ്പന പുറപ്പെടുവിപ്പിക്കുകയും കൊച്ചുപറമ്പിൽ പൗലോസ് മാർ കൂറിലോസിനെ ചുമതലകൾ ഏൽപ്പിക്കുകയും ചെയ്തു. എങ്കിലും, ഇവിടെ വന്ന അബ്ദുൽ മശിഹ പാത്രിയർക്കീസ് ആ അന്യായമായ പുറത്താക്കലിനെ റദ്ദാക്കുകയും, അബ്ദുള്ള പാത്രിയർക്കീസിന്റെ കൽപ്പനയെ അസാധുവായി പ്രഖ്യാപിക്കുകയും ചെയ്തു. തുടർന്ന്, 1912 സെപ്റ്റംബർ 12 ന്, ബസേലിയോസ് പൗലോസ് പ്രഥമൻ എന്ന നാമധേയത്തിൽ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിലേക്ക്, കിഴക്കിന്റെ കാതോലിക്കയായി മുറിമറ്റത്തിൽ തിരുമേനിയെ വാഴിച്ചു. 1913 മെയ് 2 ന് പാമ്പാക്കുട സെന്റ് തോമസ് പള്ളിയിൽ വച്ച് കാലം ചെയ്യുകയും അവിടെ കബറടക്കപ്പെടുകയും ചെയ്തു.

പരിശുദ്ധ അബ്ദുൽ മശിഹ പാത്രിയർക്കീസിന്റെ സഹകരണത്തോടെ പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്ക ബാവ, ചെങ്ങന്നൂർ പഴയ സുറിയാനി പള്ളിയിൽ വച്ച് 1913 ഫെബ്രുവരി 9 ന് വാഴിച്ച, കണ്ടനാട് പള്ളി ഇടവകാംഗമായ കരവട്ടുവീട്ടിൽ യൂയാക്കീം മാർ ഈവാനിയോസ് മെത്രാപ്പോലീത്തയായിരുന്നു മുറിമറ്റത്തിൽ ബാവായ്ക്ക് ശേഷം കണ്ടനാട് ഭദ്രാസനത്തിന്റെ ഭരണ ചുമതല വഹിച്ചത്. പരുമല സെമിനാരിയിൽ താമസിച്ച് ഭരണം നടത്തിയിരുന്ന തിരുമേനി പാത്രിയർക്കാ വിഭാഗത്തിന്റെ അന്യായമാർഗ്ഗങ്ങളെ ശക്തിയുക്തം എതിർക്കുകയും നവീകരണ സഭകളുടെ വെല്ലുവിളികളെ നേരിട്ട് സത്യവിശ്വാസം നിലനിർത്തുവാൻ വളരെയധികം പരിശ്രമിക്കുകയും ചെയ്തിരുന്നു. പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി കണ്ടനാട് സന്ദർശിച്ച സ്ഥലത്ത് ദയറായും (കർമ്മേൽ ദയറ) മാവേലിക്കര പുത്തൻ പള്ളിയോടനുബന്ധിച്ച് സെമിനാരിയും തിരുമേനി പണി കഴിപ്പിച്ചു. 1925 ജൂൺ 6-ാം തീയതി കാലം ചെയ്ത് പരുമല സെമിനാരിയിൽ കബറടക്കപ്പെട്ടു. യൂയാക്കീം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ കാലശേഷം, മലങ്കര മെത്രാപ്പോലീത്തായിരുന്ന പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസിയോസ് തിരുമേനി ഈ ഭദ്രാസനത്തെ കുറച്ചുകാലം നയിച്ചിരുന്നു.

1927 മെയ് 15 ന് മെത്രാപ്പോലീത്തയായി സ്ഥാനമേറ്റ ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയായിരുന്നു പിന്നീട് കണ്ടനാട് ഭദ്രാസനത്തെ നയിച്ചത്. വടകര പള്ളിയിൽ താമസിച്ചുകൊണ്ട് സുവിശേഷ-വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ മുഴുകിയ ഔഗേൻ റമ്പാൻ, 1918 ൽ വടകരയിലെ കുരിശിൻതൊട്ടി മൈതാനത്ത് ഒരു ഇംഗ്ലീഷ് മിഡിൽ സ്ക്കൂൾ ആരംഭിച്ചു. ഇക്കാലഘട്ടത്തിലാണ് കോടനാട് ചെട്ടിനടയിൽ സീയോൻ ആശ്രമം സ്ഥാപിച്ചത്. കിഴക്കൻ മേഖലകളിൽ കുടിയേറി പാർത്തവർക്കായി ആരാധനാലയങ്ങൾ നിർമ്മിക്കുവാൻ മുൻകൈ എടുത്തതോടൊപ്പം, പിറവം സെമ്മിനാരി മിഡിൽ സ്ക്കൂൾ, കോലഞ്ചേരി ഹൈസ്കൂൾ എന്നിവയുടെ നിർമ്മാണത്തിലും പ്രധാനപങ്ക് വഹിച്ചു. മെത്രാപ്പോലീത്തയായതിനു ശേഷം പിറവം സെമിനാരിയിൽ താമസിച്ചിരുന്ന ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി, മുറിമറ്റത്തിൽ ബാവ മൂവാറ്റുപുഴയിൽ വാങ്ങിയ സ്ഥലത്ത് പിന്നീട് താമസമാക്കുകയും അരമനകെട്ടിടത്തിന്റെ ഒന്നാം നില പണികഴിപ്പിച്ചതോടൊപ്പം സമീപത്തായി ഒരു ചാപ്പലും പണികഴിപ്പിച്ചു.

പാത്രിയർക്കീസ് വിഭാഗത്തിലെ കണ്ടനാടിന്റെ മെത്രാപ്പോലീത്തയായി 1927 ൽ യേറുശലേമിലെ മർക്കോസിന്റെ ദയറായിൽ വച്ച് വാഴിക്കപ്പെട്ട ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി, ഭിന്നിച്ചിരുന്ന സഭയിൽ സമാധാനത്തിനുള്ള ശ്രമങ്ങൾ നടത്തിക്കൊണ്ടിരുന്നു. അതിന്റെ ഭാഗമായി ഇരു വിഭാഗവും ഒരുമിച്ച് 1941 ൽ ആലുവായിൽ ഒരു വട്ടമേശ സമ്മേളനം ചേർന്ന് കാതോലിക്കായെ സ്വീകരിക്കുവാൻ തീരുമാനമെടുത്തു. അതിൻ പ്രകാരം ആലുവായിൽ എത്തിയ പരിശുദ്ധ ബസേലിയോസ് ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കബാവായുടെ മുൻപാകെ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്ത പുതിയ ചില ഉപാധികൾ വെച്ചതിനാൽ സ്വീകരണ പരിപാടികൾ നടന്നില്ല. എങ്കിലും സമാധാന ശ്രമങ്ങളുമായി മുന്നോട്ടുപോയ ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി, കണ്ടനാട് ഭദ്രാസന പൊതുയോഗ തീരുമാനപ്രകാരം 1943 ൽ കാതോലിക്കായെ സ്വീകരിച്ചു സമാധാന ശ്രമങ്ങൾക്ക് പുതിയൊരു തുടക്കമിട്ടു. പക്ഷേ, കാതോലിക്കായെ സ്വീകരിക്കുവാൻ കൂടെ നിന്നവർ പലരും ക്രമേണ പിന്തിരിയുകയും ഭദ്രാസന ഭരണകാര്യങ്ങളും ആരാധനയുമെല്ലാം പലതരത്തിൽ തടസ്സപ്പെടുത്തുകയും പലരീതിയിലുള്ള ദ്രോഹങ്ങളും ചെയ്തുകൊണ്ട് പ്രയാസപ്പെടുത്തുകയും ചെയ്തിരുന്നു. ദാരിദ്ര്യവും പട്ടിണിയും എതിർ വിഭാഗത്തിന്റെ ഉപദ്രവങ്ങളും ഒറ്റപ്പെടുത്തലും, കൂടെയുണ്ടായിരുന്ന ചില വൈദികരുടെ വഞ്ചനയും നിമിത്തം ദുരിതമനുഭവിച്ച തിരുമേനിയ്ക്ക് പിറവം പള്ളിയിൽ വച്ച് ക്രൂരമായ മർദ്ദനവും ഏൽക്കേണ്ടി വന്നു.

1964 ൽ നടന്ന മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്സിയേഷൻ കാതോലിക്ക സ്ഥാനത്തേക്ക് ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയെ തിരഞ്ഞെടുക്കുകയും മെയ് 22 ന് ബസേലിയോസ് ഔഗേൻ പ്രഥമൻ എന്ന പേരിൽ പൗരസ്ത്യ കാതോലിക്കയായി അഭിഷേകം ചെയ്യപ്പെടുകയുമുണ്ടായി. കാതോലിക്ക സിംഹാസനത്തിന്റെ മഹത്ത്വം ഉയർത്തിപിടിച്ച ഈ പരിശുദ്ധ പിതാവ് 1975 ഡിസംബർ 8 ന് കാലം ചെയ്തു, കോട്ടയം ദേവലോകം അരമനയിൽ കബറടക്കപ്പെടുകയും ചെയ്തു. പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവയുടെ കാലത്താണ്, പരിശുദ്ധ മാർത്തോമ്മാ ശ്ലീഹായ്ക്ക് പട്ടത്വമില്ല എന്ന് പറഞ്ഞുകൊണ്ട് യാക്കോബ് ത്രുതീയൻ പാത്രിയർക്കീസ് 1970 ൽ 203-ാം നമ്പർ കൽപ്പന അയച്ചത്. അത് യോജിച്ച സഭയെ പിളർത്തുവാൻ മുഖ്യ കാരണമായിത്തീർന്നു.

ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി കാതോലിക്കായെ സ്വീകരിച്ച് സമാധാന ശ്രമങ്ങൾ നടത്തിയപ്പോൾ, വിരുദ്ധ ചേരിയിൽ ഉള്ളവർക്ക് വേണ്ടി 1952 ഒക്ടോബർ 19 ന് ചെറായി ഇടവകയിൽപ്പെട്ട പുതുശ്ശേരിയിൽ പൗലോസ് കത്തനാരെ പൗലോസ് മാർ പീലക്സിനോസ് എന്നപേരിൽ അന്ത്യോഖ്യ പാത്രിയർക്കീസ് വാഴിച്ചു. 1953 മുതൽ മലേക്കരിശ് ദയറ, പിറമാടം ദയറ എന്നിവിടങ്ങളിൽ താമസിച്ച് ഭരണം നിർവഹിച്ച പീലക്സീനോസ് തിരുമേനി 1958 ലെ സഭാ സമാധാനത്തിലൂടെ ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയുടെ അസിസ്റ്റന്റ് ആയി കണ്ടനാടിന്റെ ചുമതലയിൽ പ്രവേശിച്ചു. അങ്ങനെയിരിക്കെ, സഭാ സമാധാനത്തിൽ താൽപര്യമില്ലാതിരുന്ന ചിലരുമായി ചേർന്ന് പീലക്സീനോസ് തിരുമേനി അന്ത്യോഖ്യൻ മൂവ്മെന്റ് എന്നൊരു പ്രസ്ഥാനമുണ്ടാക്കി സഭയിൽ വിഘടിത പ്രവർത്തനങ്ങൾ ആരംഭിച്ചു. തന്നിമിത്തം, അദ്ദേഹം സഭയിൽ നിന്ന് ബഹിഷ്കൃതനാക്കപ്പെട്ടു. എങ്കിലും, 1964 ൽ ഔഗേൻ മാർ തീമോത്തിയോസ് തിരുമേനി പൗരസ്ത്യ കാതോലിക്കയായി സ്ഥാനാരോഹണം ചെയ്തപ്പോൾ, പീലക്സീനോസ് തിരുമേനി പരിശുദ്ധ സുന്നഹദോസിന്റെ മുമ്പാകെ സമർപ്പിച്ച അപേക്ഷ പരിഗണിച്ച് അദ്ദേഹത്തെ കണ്ടനാടിന്റെ പൂർണ്ണ ചുമതലയുള്ള മെത്രാപ്പോലീത്തയായി നിയമിച്ചു. 1970 ൽ മാർത്തോമ്മാ ശ്ലീഹായ്ക്ക് പട്ടത്വമില്ല, സിംഹാസനമില്ല തുടങ്ങിയ വേദവിപരീതങ്ങൾ അന്ത്യോഖ്യ പാത്രിയർക്കീസ് ഉയർത്തിയപ്പോൾ അതിനെ പിന്തുണച്ചുകൊണ്ട് കുറച്ചുപേർ രംഗത്തു വന്നു. അങ്ങനെ സഭയിൽ വീണ്ടും ഭിന്നത ഉടലെടുക്കുകയും, ആ വിഘടിത ചേരിയിൽ ചേർന്നുകൊണ്ട് പീലക്സീനോസ് തിരുമേനി സഭാവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു. അതിനാൽ, പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സമ്മേളിച്ച് അദ്ദേഹത്തിനെതിരെ അച്ചടക്ക നടപടികൾ എടുക്കുകയും 1975 മെയ് 22 ന് പുറത്താക്കുകയും ചെയ്തു. തുടർന്ന്, കണ്ടനാടിന്റെ ഭരണ ചുമതല മലങ്കര മെത്രാപ്പോലീത്ത ഏറ്റെടുക്കുകയും ചെയ്തു. 1975 സെപ്റ്റംബർ 7 ന് പാത്രിയർക്കീസ് വിഭാഗത്തിന്റെ ശ്രേഷ്ഠ കാതോലിക്കയായി ബസേലിയോസ് പൗലോസ് ദ്വിതീയൻ എന്ന പേരിൽ അന്ത്യോഖ്യൻ പാത്രിയർക്കീസ് വാഴിച്ചാക്കിയ ഇദ്ദേഹം 1996 ൽ കാലം ചെയ്ത് മലേക്കരിശ് ദയറായിൽ കബറടക്കപ്പെട്ടു. പരിശുദ്ധ ഔഗേൻ പ്രഥമൻ ബാവ കണ്ടനാടിന്റെ മെത്രാപ്പോലീത്തയായിരുന്ന കാലത്ത് മെത്രാസന ആസ്ഥാനം പിറവത്ത് പണിയുവാൻ വേണ്ടി വാങ്ങിയിരുന്ന സ്ഥലം (അരമന പറമ്പ്) പീലക്സീനോസ് തിരുമേനി പിറവം പള്ളിക്കാർക്ക് സ്ക്കൂൾ പണിയുവാൻ വേണ്ടി കൊടുത്തപ്പോൾ കിട്ടിയ തുകയും ചാത്തമറ്റത്ത് ഉണ്ടായിരുന്ന സ്ഥലവും വിറ്റ് കിട്ടിയ പണവും ചേർത്ത് മൂവാറ്റുപുഴ അരമനയുടെ രണ്ടാം നില പണിയുകയുണ്ടായി, കൂടാതെ ഭദ്രാസനത്തിന്റെ വകയായി ഇടുക്കിയിൽ ഒരു സ്ക്കൂൾ പണിയുവാനും പരിശ്രമിക്കുകയുണ്ടായി.

പൗലോസ് മാർ പീലക്സീനോസ് തിരുമേനിയെ ഭദ്രാസന ഭരണചുമതലയിൽ നിന്നും നീക്കം ചെയ്തതു മുതൽ 1976 ൽ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത കണ്ടനാടിന്റെ ഭരണ ചുമതല ഏറ്റെടുക്കുന്നതുവരെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് പ്രഥമൻ ബാവ ആയിരുന്നു കണ്ടനാടിന്റെ ഭരണം നിർവ്വഹിച്ചിരുന്നത്. മുളക്കുളം കർമ്മേൽക്കുന്ന് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ പൂവത്തുങ്കൽ ജോസഫ് കത്തനാരെ 1974 ൽ നിരണത്തുവച്ചു നടന്ന അസ്സോസ്സിയേഷൻ മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് തിരഞ്ഞെടുക്കുകയും 1975 ഫെബ്രുവരി 16 ന് പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവായുടെ മുഖ്യകാർമ്മികത്വത്തിൽ നിരണം പള്ളിയിൽ വച്ച് ജോസഫ് മാർ പക്കോമിയോസ് എന്ന പേരിൽ വാഴിക്കുകയും ചെയ്തു. കോട്ടയം ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തയായിരുന്ന തിരുമേനിയെ 1976 ജൂലായ് 19 ന് കണ്ടനാടിന്റെ മെത്രാപ്പോലീത്തയായി, വെട്ടിക്കൽ സെന്റ് തോമസ് ദയറായിൽ വച്ച് സുന്ത്രോണീസോ ശുശ്രൂഷ നടത്തി നിയമിച്ചു. വെട്ടിക്കൽ ദയറായുടെ കേടുപാടുകൾ പരിഹരിച്ച് പുനരുദ്ധാരണം നടത്തി, പരിശുദ്ധ പരുമല തിരുമേനിയുടെ തിരുശേഷിപ്പ് സ്ഥാപിക്കുകയും ചെയ്തുകൊണ്ട് ഭദ്രാസന ആസ്ഥാനമാക്കി. കക്ഷി വഴക്കിന്റെ നീരാളിപിടുത്തത്തിൽ കഷ്ടതകളനുഭവിച്ചുകൊണ്ടിരുന്ന ദേവാലയങ്ങളായിരുന്നു ഭൂരിഭാഗവും ഭദ്രാസനത്തിലുണ്ടായിരുന്നത്. സ്വതന്ത്രമായി ആരാധന നടത്തുവാൻ സാധിക്കാതെയും ഉപദ്രവങ്ങളും അപമാനങ്ങളും സഹിച്ച് ജീവിച്ചിരുന്ന വിശ്വാസി സമൂഹത്തെ ഒരുമിച്ചു നിറുത്തുവാനും സ്വതന്ത്രമായി ആരാധന നടത്തുന്നതിനുള്ള സാഹചര്യം ഒരുക്കുവാനും അക്ഷീണം പ്രയത്നിച്ചുകൊണ്ടിരുന്ന തിരുമേനി കാതോലിക്കേറ്റ് സെന്ററുകൾ വിവിധ സ്ഥലങ്ങളിൽ പണിതുയർത്തി. സത്യവിശ്വാസത്തിലും ദൈവസ്നേഹത്തിലും വിശ്വാസികളെ വഴിനടത്തുകയും ആത്മീയ പ്രസ്ഥാനങ്ങളെ ശക്തിപ്പെടുത്തിക്കൊണ്ട് അറിവും സ്വത്വബോധവും മലങ്കര നസ്രാണിയെന്ന അഭിമാനവും വിശ്വാസികളിൽ വളർത്തി. കാതോലിക്കേറ്റിന്റെ കാവൽ ഭടനായി നിലകൊണ്ട തിരുമേനി തെക്ക് വടക്ക് ദേദമില്ലാതെ മലങ്കര സഭയിൽ സഞ്ചരിച്ചുകൊണ്ട് പ്രഭാഷണങ്ങളിൽ കൂടിയും ചർച്ചകളിൽ കൂടിയും പാത്രിയർക്കീസ് വിഭാഗത്തിന്റെ വ്യാജ ആരോപണങ്ങളുടെ നിജസ്ഥിതി വെളിവാക്കി, വിശ്വാസികളെ പ്രബുദ്ധരാക്കി. വിശ്രമമില്ലാതെയുള്ള യാത്രയും പ്രവർത്തനങ്ങളും തിരുമേനിയെ രോഗിയാക്കിത്തീർക്കുകയും 1991 ആഗസ്റ്റ് 19 ന് കാലം ചെയ്ത് മുളക്കുളം കർമ്മേൽക്കുന്ന് സെന്റ് ജോർജ്ജ് പള്ളിയിൽ അന്തിമ വിശ്രമം കൊള്ളുകയും ചെയ്തു.

1989 ഡിസംബർ 28 ന് പത്തനംതിട്ടയിൽ സമ്മേളിച്ച മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്സിയേഷൻ മേൽപ്പട്ട സ്ഥാനത്തേക്ക് തിരഞ്ഞെടുത്ത വാഴൂർ സെന്റ് പീറ്റേഴ്സ് ഓർത്തഡോക്സ് പള്ളി ഇടവകാംഗമായ മറ്റത്തിൽ ഡോ. എം.എ. മത്തായി കത്തനാരെ 1991 ഏപ്രിൽ 30 ന് പരുമല സെമിനാരിയിൽ വച്ച് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവയുടെ മുഖ്യകാർമ്മികത്വത്തിൽ മാത്യൂസ് മാർ സേവേറിയോസ് എന്ന നാമധേയത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. 1991 ൽ ജോസഫ് മാർ പക്കോമിയോസ് തിരുമേനി കാലം ചെയ്തതിനെത്തുടർന്ന് ഭദ്രാസന ഭരണം ഏറ്റെടുത്ത പരിശുദ്ധ കാതോലിക്ക ബാവ കണ്ടനാടിന്റെ സഹായ മെത്രാപ്പോലീത്തയായി ഡോ. മാത്യൂസ് മാർ സേവേറിയോസ് തിരുമേനിയെ നിയമിച്ചു. തുടർന്ന് 1993 ആഗസ്റ്റ് 26 ന് മീമ്പാറ മാർ പക്കോമിയോസ് മൗണ്ടിലെ സെന്റ് തോമസ് കാതോലിക്കാ സെന്ററിൽ വച്ച് സുന്ത്രോണീസോ നടത്തി കണ്ടനാടിന്റെ പൂർണ്ണ ചുമതലയുള്ള മെത്രാപ്പോലീത്തയായി. ജോസഫ് മാർ പക്കോമിയോസ് തിരുമേനിക്ക് ശേഷം വെട്ടിക്കൽ ദയറായിൽ താമസിച്ച് ഭരണം നടത്തിയിരുന്ന തിരുമേനി മീമ്പാറ മാർ പക്കോമിയോസ് മൗണ്ട് കണ്ടനാടിന്റെ ആസ്ഥാനമാക്കി ഭരണ ചുമതലകൾ നിർവ്വഹിച്ചു. അങ്ങനെയിരിക്കെ, കോലഞ്ചേരിയിൽ ഇപ്പോൾ കാണുന്ന പ്രസാദം സെന്റർ പണിതുയർത്തുകയും ഭദ്രാസനത്തിന്റെ ഓഫീസ് അവിടേയ്ക്ക് മാറ്റുകയും ചെയ്തു. ദൈവശാസ്ത്രത്തിൽ ഗവേഷണ ബിരുദം നേടിയ തിരുമേനി വൈദിക സെമിനാരി അദ്ധ്യാപകനായും ലേഖനങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും സഭാവിശ്വാസവും ദൈവശാസ്ത്രവും സഭാചരിത്രവുമെല്ലാം പഠിപ്പിക്കുകയും ചെയ്തുവരുന്നു. സാധുസംരക്ഷണം ജീവിതലക്ഷ്യമായി എടുത്തുകൊണ്ട് ഭദ്രാസനത്തിൽ പതിനേഴോളം ജീവകാരുണ്യ പ്രസ്ഥാനങ്ങൾ നടത്തുന്നു. തന്റെ മുൻഗാമിയായ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ സ്മരണയിൽ മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റി സ്ഥാപിച്ചുകൊണ്ട് ജനക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജാതി വർണ്ണ വർഗ്ഗ വ്യത്യാസമില്ലാതെ സമൂഹത്തിൽ അവശത അനുഭവിക്കുന്നവരെ സഹായിക്കുകയാണ് ഇവയിലൂടെ. അവ യഥാക്രമം പാലക്കുഴയിലുള്ള **പ്രതീക്ഷ ഭവൻ**: ഭിന്നശേഷിക്കാരായ സ്ത്രീകളുടെ പുനരധിവാസ കേന്ദ്രം, തെക്കൻ പിറമാടത്തുള്ള **പ്രത്യാശഭവൻ**: ഭിന്നശേഷിക്കാരായ പുരുഷന്മാരെ സംരക്ഷിക്കുന്നു. **പ്രശാന്തി ഭവൻ**, കടയിരുപ്പ്: വാർദ്ധക്യ സഹജമായ പ്രയാസത്താലും കഠിന രോഗങ്ങളാലും ക്ലേശിക്കുന്നവർക്കുള്ള ആജീവനാന്ത സംരക്ഷണം. **പ്രദാനം** ചികിത്സാ പദ്ധതിയിലൂടെ നിർദ്ധനർക്കുള്ള ചികിത്സാ സഹായം, **പ്രമോദം** അന്നദാന പദ്ധതിയിലൂടെ സമീപത്തുള്ള സർക്കാർ ആശുപത്രികളിൽ സൗജന്യ ഉച്ചഭക്ഷണ വിതരണം, പിറവത്ത് ആരംഭിച്ച **പ്രഭാതം** കംപ്യൂട്ടർ സെന്ററിലൂടെ സൗജന്യ കംപ്യൂട്ടർ പരിശീലനം, കോലഞ്ചേരി **പ്രബോധനം** പബ്ലിക് ലൈബ്രറി, **പ്രാപ്തി**യിലൂടെ നിർദ്ധനർക്കായി ഭവന നിർമ്മാണം, വിദ്യാഭ്യാസം, ചികിൽസ എന്നിവയ്ക്ക് സഹായങ്ങൾ, **പ്രപാലനം** പദ്ധതിയിലൂടെ പെൻഷൻ വിതരണം, **പ്രവാഹം** പദ്ധതിയിലൂടെ നിർദ്ധനർക്ക് ഡയാലിസീസിനായി സഹായം നൽകുന്നു, കാരിക്കോട് ഉള്ള **പ്രസന്നം** മാനസികാരോഗ്യ കേന്ദ്രത്തിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളെ സംരക്ഷിക്കുന്നു. സാമ്പത്തിക ക്ലേശം അനുഭവിക്കുന്നവർക്കായി **പ്രസാദം** സെന്ററിൽ പ്രവർത്തിക്കുന്ന **പ്രീതി** ക്ലിനിക്ക്, പ്രീതി ലബോറട്ടറി, **പ്രകാശം** ഐ ക്ലിനിക്. പെരുവയിലെ **പ്രശാന്തം** പെയിൻ & പാലിയേറ്റീവ് കെയറിൽ കാൻസർ, തളർവാത രോഗം ബാധിച്ചവർ മറ്റ് മരണാസന്നമായ രോഗം ബാധിച്ചവർ എന്നിവരെ സംരക്ഷിച്ച് പരിപാലിക്കുന്നു. ഇവ കൂടാതെ പ്രയോജന മെഡിക്കൽഷോപ്പ് വഴി നിർദ്ധനരായ രോഗികൾക്ക് സൗജന്യമായി മരുന്നുകൾ നൽകുകയും, **പ്രതിഭ** കരിപൗഡർ യൂണിറ്റിലൂടെ സ്വയം തൊഴിൽ കണ്ടെത്തുവാനുള്ള മാർഗ്ഗവും രുചികരവും മായം കലരാത്തതുമായ മസാലകളും കറിപൊടികളും നിർമ്മിച്ചു നൽകുന്നു. ഇപ്രകാരം പൊതുജനോപകാരപ്രദമായ പ്രവർത്തനങ്ങളിലൂടെ ക്രിസ്തുസ്നേഹം പ്രവർത്തിയിലൂടെ കാണിച്ചുകൊണ്ടിരിക്കുന്ന തിരുമേനിയെ 2021 ഒക്ടോബർ 14 ന് പരുമലയിൽ കൂടിയ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസ്സിയേഷൻ മലങ്കര മെത്രാപ്പോലീത്തായും പൗരസ്ത്യ കാതോലിക്കയുമായി തിരഞ്ഞെടുക്കുകയും പിറ്റേന്ന് പരുമലയിൽ വച്ച് ആ സ്ഥാനത്തേക്ക് വാഴിക്കുകയും ചെയ്തു.

2002 ൽ ഭരണ സൗകര്യാർത്ഥം കണ്ടനാട് ഭദ്രാസനത്തെ കണ്ടനാട് ഈസ്റ്റ് എന്നും വെസ്റ്റ് എന്നും രണ്ടായി വിഭജിക്കുകയും കണ്ടനാട് ഈസ്റ്റിന്റെ മെത്രപ്പോലീത്തയായി അഭിവന്ദ്യ ഡോ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തയും കണ്ടനാട് വെസ്റ്റിന്റെ അദ്ധ്യക്ഷനായി പരിശുദ്ധ കാതോലിക്ക ബാവായും ഭരണചുമതലകൾ നിർവ്വഹിച്ചുവരുന്നു. കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായും സഭയുടെ പ്രധാന മേലദ്ധ്യക്ഷനുമായ പരിശുദ്ധ കാതോലിക്ക ബാവായുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും വർദ്ധിച്ചു വന്നതിനാൽ, അഭിവന്ദ്യ സഖറിയ മാർ സേവേറിയോസ് തിരുമേനിയെ 2024 ജൂലായ് 15-ാം തീയതി മുതൽ പരിശുദ്ധ കതോലിക്ക ബാവ കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തയായി നിയമിച്ചു. ഇടുക്കി ഭദ്രാസനത്തിന്റെ ചുമതലയോടൊപ്പം സ

സുകൃതങ്ങളുടെ കണ്ടനാട്

ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

മലങ്കര സഭയിൽ സമാനതകളില്ലാത്ത സവിശേഷ സ്ഥാനമാണ് കണ്ടനാട് ഭദ്രാസനത്തിനുള്ളത്. നൂറ്റി അമ്പത് വർഷം പിന്നിടുന്ന മലങ്കരയിലെ ആദ്യ ഏഴ് ഭദ്രാസനങ്ങളിൽ ഒന്ന്. അതിശ്രേഷ്ഠ പിതാക്കന്മാരെയും ഗുരുക്കന്മാരെയും പണ്ഡിതരേയും സംഭാവന ചെയ്ത വളക്കുറുള്ള നസ്രാണി മണ്ണ്. ചരിത്ര പ്രാധാന്യമുള്ള അനേകം ദേവാലയങ്ങൾ തല ഉയർത്തി നിൽക്കുന്ന പുണ്യഭൂമി. അങ്ങിനെ അഭിമാനിക്കത്തക്ക പലതുമാണ് കണ്ടനാട്.

അതിനുമപ്പുറം കണ്ടനാടിന്റെ ഇടയന്മാരായ നമ്മുടെ മുൻഗാമികളിൽ രണ്ടു പേർ പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ പൗരസ്ത്യ കാതോലിക്കാമാരായി ആരോഹണം ചെയ്തിട്ടുണ്ട്. മലങ്കരയിലെ ആദ്യത്തെ പൗരസ്ത്യ കാതോലിക്കായി ഉയർത്തപ്പെട്ട പ. ബസേലിയോസ് പൗലോസ് പ്രഥമൻ ബാവയെയും, നാലാമത്തെ വലിയ ഇടയനായ പ. ഔഗേൻ പ്രഥമൻ ബാവയെയുമാണ് നാം ഇവിടെ സ്മരിക്കുന്നത്.

ദൗർഭാഗ്യവശാൽ 1911-ൽ മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പ. വട്ടശ്ശേരിൽ തിരുമേനിയെ അകാനോനികമായി മുടക്കിയതിനെ തുടർന്നുണ്ടായ സഭാ തർക്കങ്ങളിൽ ഏറ്റവും പരുക്കു പറ്റിയ ഭദ്രാസനങ്ങളിൽ ഒന്നാണ് കണ്ടനാട്. ആ മുറിവുകളെ ഉണക്കുവാൻ നമ്മുടെ മുൻഗാമിയായ ഭാഗ്യസ്മരണാർഹനായ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ അനുഭവിച്ച യാതനകൾ അനിർവചനീയമാണ്.

1991 ഓഗസ്റ്റ് 19 ന് അഭി. ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത കാലം ചെയ്തതിനെ തുടർന്ന് പ. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവ നമ്മെ കണ്ടനാട് മെത്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തായായി നിയമിച്ചു അതിന് മുമ്പ് തന്നെ സെമിനാരി അധ്യാപകനായിരിക്കുന്ന കാലത്ത് അഭി. പക്കോമിയോസ് തിരുമേനിയുടെ ആഗ്രഹപ്രകാരം മെത്രാസനത്തിലെ വിവിധ ആധ്യാത്മിക പ്രസ്ഥാനങ്ങളുടെ മീറ്റിങ്ങുകൾക്ക് നാം പങ്കെടുത്തിട്ടുണ്ട്. അതിനാൽ തന്നെ ഒരു അഭേദ്യമായ ബന്ധം ഈ ഭദ്രാസനവുമായി നമുക്കുണ്ട്. 1993 ൽ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവ നമ്മെ കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി സുന്ത്രോനീസോ നടത്തി. അതിനുശേഷം കൂടിയ ആദ്യ ഭദ്രാസന പൊതുയോഗത്തിൽ തന്നെ അഭി. ജോസഫ് മാർ പക്കോമിയോസ് തിരുമേനിയുടെ സ്മരണാർത്ഥം മീമ്പാറ കാതോലിക്കേറ്റ് സെന്റർ ഭദ്രാസന ആസ്ഥാനമായ അരമന ആക്കുവാനും അദ്ദേഹത്തിന്റെ സ്മാരകമായി ഒരു സ്ഥാപനം ഉണ്ടാക്കണമെന്നും തീരുമാനിച്ചു. അതിന്റെ ഭാഗമായി ഭിന്നശേഷിക്കാരായ സ്ത്രീകൾക്കുള്ള ഒരു സ്ഥാപനമായി പ്രതീക്ഷ ഭവൻ പാലക്കുഴ കാതോലിക്കേറ്റ് സെന്ററിൽ പ്രവർത്തനം ആരംഭിച്ചു. പിന്നീട് 1994 ൽ മാർ പക്കോമിയോസ് ചാരിറ്റബിൾ സൊസൈറ്റി ആയി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു.

കണ്ടനാടിന്റെ മെത്രാപ്പോലീത്താ സ്ഥാനം യാതനകൾ ഏറ്റെടുക്കാനുള്ള ഒരു നിയോഗം കൂടി ആയിരുന്നു. തീയിൽക്കൂടി കടന്നുപോയ ആ ദിനങ്ങളെ വീണ്ടും സ്മരിക്കുവാൻ നാം ആഗ്രഹിക്കുന്നില്ല. ദൈവകൃപയാൽ ആ ഇരുണ്ട ദിനങ്ങളിലും അഭൂതപൂർവമായ വളർച്ച നേടുവാൻ കണ്ടനാട് ഭദ്രാസനത്തിനു സാധിച്ചു. ഉന്നതവിദ്യാഭ്യാസമുള്ള വൈദീകരുടെ എണ്ണം വർദ്ധിച്ചു. ഇടവക പള്ളികൾ മനോഹരമാക്കുകയും ഭരണം ഭരണഘടനാവിധേയമാവുകയും ചെയ്തു. ഭദ്രാസനത്തിന് കോലഞ്ചേരിയിൽ ആധുനിക ആസ്ഥാനമുണ്ടായി. ആത്മീയ പ്രസ്ഥാനങ്ങളെല്ലാം ശക്തിപ്പെട്ടു. അങ്ങനെ എണ്ണിപ്പറയാൻ അനേക നേട്ടങ്ങൾ നമ്മുടെ മുമ്പിലുണ്ട്.

അതിനേക്കാളൊക്കെ ഉപരി, ജീവകാരുണ്യ പ്രവർത്തനങ്ങളിൽ കണ്ടനാട് ഭദ്രാസനം നടത്തിയ വിജയകരമായ ചുവടുവയ്പ്പുകളാണ് നാം സുപ്രധാനമായി കാണുന്നത്. സമൂഹത്തിലെ അശരണരും പാർശ്വവല്ക്കരിക്കപ്പെട്ടവരുമായ അനേകായിരങ്ങൾക്ക് ചെറുതും വലുതുമായ കൈത്താങ്ങൽ നൽകുവാനും അവർക്കായി ആശ്രയ ആലയങ്ങൾ നിർമ്മിച്ചു ഭംഗിയായി നടത്തുവാനും നമുക്ക് സാധിക്കുന്നുണ്ട് എന്നത് വലിയൊരു ദൈവാനുഗ്രഹമാണ്. യഥാർത്ഥ ക്രൈസ്തവധർമ്മം അതാണെന്നും നാം വിശ്വസിക്കുന്നു. ഇല്ലായ്മകളിൽ നിന്നും ഇവയെല്ലാം സാധിച്ചത് നമ്മുടെ ഭദ്രസനത്തിലെ വൈദീകരുടേയും തീക്ഷ്ണവാന്മാരായ വിശ്വാസികളുടേയും ആത്മാർത്ഥ സഹകരണം മൂലമാണ്. നിസ്വാർത്ഥമായ നിങ്ങളുടെ ഈ കൂട്ടായ്മയാണ് ദൈവം കനിഞ്ഞ് മുപ്പതും അറുപതും നൂറും മേനിയായി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നത്.

ഇന്ന് രണ്ട് ഭദ്രാസനങ്ങളായി വികസിച്ച് ശതോത്തര കനക ജൂബിലിയിലേയ്ക്ക് കടക്കുന്ന കണ്ടനാട് ഭദ്രാസനത്തിന്റെ പിമ്പിലുള്ള ശക്തി നമ്മുടെ മാത്രം പ്രവർത്തനങ്ങളല്ല, മൺമറഞ്ഞ പിതാക്കന്മാരും പട്ടക്കാരും വിശ്വാസികളുമായ പൂർവസൂരികളുടെ നിരന്തരമായ പ്രാർത്ഥനയും കാവലുമാണ് എന്നത് നാം വിസ്മരിക്കരുത്. നമ്മുടെ മുമ്പോട്ടുള്ള പ്രയാണത്തിന് ഭംഗം വരാതിരിക്കാനും അനർഗളമായി പ്രവഹിക്കുന്ന ദൈവാനുഗ്രഹം നഷ്ടപ്പെടാതിരിക്കാനും പ്രത്യേകം ശ്രദ്ധിക്കണമെന്ന് നാം നമ്മുടെ വൈദീകരേയും, വിശ്വാസികളേയും ഇത്തരുണത്തിൽ ഓർമ്മപ്പെടുത്തിക്കൊണ്ട് നമ്മുടെ പ്രാർത്ഥനകളും ആശംസകളും നേരുന്നു. എല്ലാവരെയും ദൈവം തമ്പുരാൻ വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ.

•

സപ്ലിമെന്റ് കമ്മിറ്റി

ഫാ. ജോസ് തോമസ്

ഫാ. ജേക്കബ് കുര്യൻ

ഫാ. ജോൺ കുര്യാക്കോസ്

ഫാ. തോമസ് വി. തോമസ്

ഫാ. ഐസക്ക് കെ. ജേക്കബ്

ഫാ. ജിതിൻ മാത്യു ഫിലിപ്പ്

അജു മാത്യു

കുഞ്ഞുമോൻ തോമസ്

പി.യു. ജോയി

ബെന്നി എൻ.പി.

എൽദോസ് ജോർജ്

ആൽഡ്രിൻ ബെന്നി

എൽദോ വർഗീസ്

കണ്ടനാട് ഭദ്രാസനത്തിന്റെ ശതോത്തര കനക ജൂബിലിയുടെ ഭാഗമായി കണ്ടനാട് വെസ്റ്റ് ഭദ്രാസന പ്രാർത്ഥനാ യോഗം കോലഞ്ചേരി വിദ്യാഭ്യാസ ഉപജില്ലയിലെ സർക്കാർ സ്കൂളിലെ 150 വിദ്യാർത്ഥികൾക്ക് മാംഗോസ്റ്റിൻ ഫല വൃക്ഷത്തൈകൾ വിതരണം ചെയ്തു. വിതരണോഘാടനം കടമറ്റം ഗവ. യു. പി. സ്കൂളിൽ വച്ച് കുന്നത്തുനാട് എം.എൽ.എ അഡ്വ. പി.വി. ശ്രീനിജിൻ നിർവ്വഹിച്ചു. റവ.ഫാ റോബിൻ മർക്കോസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ തൈകളുടെ വിതരണം ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീ സുജിത്ത് പോൾ, സഭാ വർക്കിംഗ് കമ്മിറ്റി അംഗം റവ.ഫാ ജേക്കബ് കുര്യൻ, ഉപജില്ല വിദ്യാഭ്യാസ ഓഫിസർ മേഖല പി.ആർ. എന്നിവർ ചേർന്ന് നിർവഹിച്ചു. കോലഞ്ചേരി ബി.പി.സി ഡാൽമിയ തങ്കപ്പൻ, അഖില മലങ്കര പ്രാർത്ഥനാ യോഗം ഓർഗനൈസിംഗ് സെക്രട്ടറി വറുഗീസ് കരിപ്പാടം, ഭദ്രാസന പ്രാർത്ഥനാ യോഗം സെക്രട്ടറി കുഞ്ഞുമോൻ തോമസ്, റവ.ഫാ ജോൺ കുര്യാക്കോസ്, റവ. ഫാ അനു തോമസ്, റവ.ഫാ റോബിൻ ജേക്കബ്ബ്, റവ.ഫാ ജോമോൻ കെ ജോർജ്, ട്രഷറർ ലിജോ കെ. ജോൺ, ഹെഡ്മാസ്റ്റർ സുരേഷ് ടി. ഗോപാലൻ, പി.ടി.എ പ്രസിഡന്റ് സൗമ്യ ബേസിൽ എന്നിവർ പ്രസംഗിച്ചു. കോലഞ്ചേരി, കക്കാട്ടുപാറ ഗവ. എൽ.പി. സ്കൂളുകളിലും സംഘാടകർ മാംഗോസ്റ്റിൻ തൈകൾ എത്തിച്ചുകൊടുക്കുകയും ചെയ്തു.

Best wishes,

Best wishes,